"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് - ജീവനക്കാര്യം - ഡോ.സജ്ജ.കെ.ജി. ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA(EKM) 1316/2024 - ന്മേലുള്ള 08.10.2024-ലെ ഉത്തരവ് - അനുവർത്തന ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.31/2025/H&FWD തീയതി,തിരുവനന്തപുരം, 06-01-2025

---

പരാമർശം:-

1. ഡോ.സജ്ജ.കെ.ജി. സമർപ്പിച്ച 07.10.2024 തീയതിയായ അപ്പീൽ അപേക്ഷ (Annexure-A7).
2. ഡോ.സജ്ജ.കെ.ജി. ബഹു:ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA(EKM) 1316/2024 -ന്മേലുള്ള 08.10.2024-ലെ ഉത്തരവ്
3. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 02.12.2024-ലെ DHS/23820/2024-EB4 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

2024 പൊതുസ്ഥലംമാറ്റത്തിൽ എറണാകുളം ജനറൽ ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റത്തിനായി അപേക്ഷ നൽകിയിട്ടും, നിലവിലെ സ്റ്റേഷനായ തൃശ്ശൂർ ജനറൽ ആശുപത്രിയിൽ നിന്നും സ്ഥലംമാറ്റം അനുവദിച്ച് നൽകാത്തതിനെതിരെ ഇ.എൻ.ടി. വിഭാഗം കൺസൾട്ടന്റ് ഡോ.സജ്ജ.കെ.ജി. ബഹു:ട്രിബ്യൂണൽ മുമ്പാകെ OA (EKM) No.1316/2024 ഫയൽ ചെയ്യുകയും, പരാമർശം (2) പ്രകാരം പുറപ്പെടുവിച്ച അന്തിമ ഉത്തരവിൽ അപേക്ഷകൻ ഒന്നാം എതിർകക്ഷിയായ ആരോഗ്യ വകുപ്പ് സെക്രട്ടറിക്ക് പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷ പരിശോധിച്ച് ഉത്തരവ് കൈപ്പറ്റി ആറ് ആഴ്ചയ്ക്കുള്ളിൽ അനുവർത്തന ഉത്തരവ് പുറപ്പെടുവിക്കുന്നതിന് ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ 1-ാം എതിർകക്ഷിയായ സർക്കാരിന് നിർദ്ദേശം നൽകിയിരുന്നു.

2) പരാമർശം-1 Annexure A7 അപ്പീൽ അപേക്ഷയിലെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

i) 22.01.2021-ൽ കൺസൾട്ടന്റ് തസ്തികയിൽ സ്ഥാനക്കയറ്റം ലഭിച്ച് തൃശ്ശൂർ ജനറൽ

ആശുപത്രിയിൽ നിയമിച്ചു. നിലവിൽ ടി ആശുപത്രിയിൽ തന്നെ ജോലി ചെയ്തു വരുന്നു. 31.05.2026-ന് സർവ്വീസിൽ നിന്നും അടിത്തുൺപറ്റി പിരിയും. പട്ടികജാതി വിഭാഗത്തിൽപ്പെടുന്നു.

ii) എറണാകുളം ജില്ലയാണ് ഹോംസ്റ്റേഷൻ. ഭാര്യ തൃശ്ശൂർ മെഡിക്കൽ കോളേജിൽ ജോലി ചെയ്തു വരുന്നതിനാൽ എറണാകുളത്ത് താമസിക്കുന്ന മകളുടെ സംരക്ഷണത്തിന് ആരും ഇല്ല. നിലവിലെ സ്റ്റേഷനിൽ മൂന്നു വർഷം പൂർത്തിയാക്കിയിട്ടുള്ളതിനാലും, 31.05.2026-ന് സർവ്വീസിൽ നിന്നും വിരമിക്കുന്നതിനാലും, സ്ഥലംമാറ്റ മാനദണ്ഡങ്ങൾ പ്രകാരം എറണാകുളം ജനറൽ ആശുപത്രിയിൽ സ്ഥലംമാറ്റം അനുവദിക്കേണ്ടതാണ്.

iii) എറണാകുളം ജില്ലയിൽ ഇ.എൻ.ടി. കൺസൾട്ടന്റ് തസ്തികയിൽ 2 ഓപ്പൺ വേക്കൻസികൾ ഉണ്ടായിരുന്നിട്ടും കരട് സ്ഥലംമാറ്റ ഉത്തരവിൽ പാലക്കാട് ജില്ലാ ആശുപത്രിയിലേയ്ക്കാണ് സ്ഥലംമാറ്റം അനുവദിച്ചത്. ടി സ്റ്റേഷൻ വാസസ്ഥലത്തു നിന്നും 150 കി.മീ. അകലെയാണ്. കൂടാതെ, അപേക്ഷകനെക്കാൾ എറണാകുളം ജനറൽ ആശുപത്രിയിൽ ക്ലെയിം കുറഞ്ഞ ആൾക്കാണ് നിലവിൽ നിയമനം നൽകിയിരിക്കുന്നത്.

iv) അപേക്ഷകൻ District Nodal Officer Ernakulam for the National Program for Prevention and Control of Deafness (NPPCD) -യുടെ നോഡൽ ഓഫീസറായി പ്രവർത്തിച്ചിട്ടുണ്ട്. skull base and pituitary surgery-ൽ സ്പെഷ്യലൈസ് ചെയ്തിട്ടുള്ള ആരോഗ്യ വകുപ്പിലെ ഏക മെഡിക്കൽ ഓഫീസർ ആണ്. ടി സർജറിക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ എറണാകുളം ജനറൽ ആശുപത്രിയിൽ മാത്രമേ ലഭ്യമായിട്ടുള്ളൂ.

v) മുകളിൽ പറഞ്ഞിരിക്കുന്ന വസ്തുതകൾ പ്രകാരം സ.ഉ. (സാധാ) നം.2350/2024/ആകുവ തീയതി 04.10.2024 നമ്പർ ഉത്തരവിനെതിരെ അപ്പീൽ സമർപ്പിക്കുന്നു.

3) പരാമർശം (3) കത്ത് പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ ചുവടെ പറയും പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിരുന്നു.

ഡോ.സജു.കെ.ജി. സേവനമനുഷ്ഠിക്കുന്ന തൃശ്ശൂർ ജനറൽ ആശുപത്രിയിലേക്ക് 3 വർഷം പൂർത്തിയായ മെഡിക്കൽ ഓഫീസറെ പരിഗണിച്ചതിനാൽ 2024 പൊതുസ്ഥലമാറ്റത്തിൽ ഡോ.സജു.കെജി.-ക്ക് ഒഴിവ് നിലവിലുണ്ടായിരുന്ന പാലക്കാട് ജില്ലാ ആശുപത്രിയാണ് കരട് പട്ടികയിൽ അനുവദിച്ചിരുന്നത്. എന്നാൽ ആയതിനെതിരെ ടിയാൻ സർക്കാരിൽ അപ്പീൽ സമർപ്പിച്ചിരുന്നു. സ.ഉ.(സാധാ) നം.2350/2024/ആകുവ തീയതി 04.10.2024 ഉത്തരവ് പ്രകാരം സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിച്ചു എങ്കിലും ഡോ.സജു.കെ.ജി.-യെ ടിയാൻ നിലവിൽ സേവനമനുഷ്ഠിക്കുന്ന തൃശ്ശൂർ ജനറൽ ആശുപത്രിയിൽ തന്നെ നിലനിർത്തിയിരുന്നു.

ഡോ.സജ്ജ.കെ.ജി. എസ്.സി. വിഭാഗത്തിൽ ഉൾപ്പെട്ടതാണെന്നും 31/5/2026 വിരമിക്കൽ തീയതിയാണെന്നും ആയതിനാൽ ടി സംരക്ഷണം പരിഗണിച്ച് എറണാകുളം ജനറൽ ആശുപത്രിയിലേക്ക് സ്ഥലമാറ്റം അനുവദിക്കണമെന്നും പരാമർശം (1) അപ്പീൽ അപേക്ഷയിൽ പറഞ്ഞിരുന്നു. എറണാകുളം ജനറൽ ആശുപത്രിയിലേക്ക് സ്ഥലമാറ്റം നൽകിയ ഡോ.നാരായണൻ.ജി.വി-ക്ക് 2023 ലെ പൊതുസ്ഥലംമാറ്റത്തിൽ ആണ് ചങ്ങനാശ്ശേരി ജനറൽ ആശുപത്രിയിൽ നിന്നും കോട്ടയം ജനറൽ ആശുപത്രിയിലേക്ക് സ്ഥലമാറ്റം നൽകിയത്. ആയതിനാൽ ഡോ.സജ്ജ.കെ.ജി.-യ്ക്ക് ഹോംസ്റ്റേഷൻ ആയ എറണാകുളത്തേക്ക് സ്ഥലംമാറ്റം നൽകണമെന്ന് ഡോ.സജ്ജ.കെ.ജി. ആവശ്യപ്പെട്ടിരിക്കുന്നു. ഡോ.സജ്ജ.കെ.ജി. 19/09/2010 മുതൽ 21/01/2021 വരെ ജൂനിയർ കൺസൾട്ടന്റ് (ഇ.എൻ.ടി) തസ്തികയിൽ എറണാകുളം ജനറൽ ആശുപത്രിയിൽ ആണ് സേവനമനുഷ്ഠിച്ചിരുന്നത്. 22/01/2021 മുതലാണ് ടിയാൻ തൃശ്ശൂർ ജനറൽ ആശുപത്രിയിൽ കൺസൾട്ടന്റ് തസ്തികയിൽ ജോലിയിൽ പ്രവേശിച്ചത്. മാത്രവുമല്ല സ.ഉ. (സാധാ) നം.803/2022/ആകുവ തീയതി 08.04.2022 പ്രകാരം ഡോ.സജ്ജ.കെ.ജി. ആഴ്ചയിൽ മൂന്ന് ദിവസം എറണാകുളം ജനറൽ ആശുപത്രയിൽ ജോലിക്രമീകരണ വ്യവസ്ഥയിൽ ജോലി ചെയ്തു വന്നിരുന്നു. ഡോ.സജ്ജ.കെ.ജി. പത്ത് വർഷത്തോളം എറണാകുളം ജനറൽ ആശുപത്രിയിൽ സേവനമനുഷ്ഠിച്ചിട്ടുള്ളതിനാൽ ടിയാൻ എസ്.സി. സംരക്ഷണത്തിന് അർഹനല്ല. മാത്രവുമല്ല പൊതുസ്ഥലംമാറ്റത്തിൽ ഡോ.സജ്ജ.കെ.ജി. എറണാകുളം ജനറൽ ആശുപത്രി മാത്രമാണ് ഓപ്റ്റ് ചെയ്തിരുന്നത്. 2024 പൊതുസ്ഥലംമാറ്റത്തിന് 2024 ഏപ്രിൽ 30 മുതൽക്കുള്ള സേവനമാണ് കണക്കാക്കുന്നത്. ടി തീയതി പ്രകാരം കണക്കാക്കുമ്പോൾ മെഡിക്കൽ ഓഫീസർക്ക് വിരമിക്കാനുള്ള കാലയളവ് 2 വർഷത്തിൽ കൂടുതലാണ്. ആയതിനാൽ ഡോ.സജ്ജ.കെ.ജി.-യുടെ വിരമിക്കൽ തീയതി പൊതുസ്ഥലമാറ്റത്തിൽ പരിഗണിക്കാൻ നിർവാഹമില്ല. എറണാകുളം ഹോംസ്റ്റേഷൻ ആയിട്ടുള്ള ഡോ.നാരായണൻ.ജി.വി.-യ്ക്കാണ് ഡോ.സജ്ജ.കെ.ജി. സ്ഥലംമാറ്റത്തിനായി ഓപ്റ്റ് ചെയ്ത എറണാകുളം ജനറൽ ആശുപത്രി അനുവദിച്ച നൽകുവാൻ സർക്കാരിൽ ശിപാർശ സമർപ്പിച്ചിരുന്നത്. ടിയാന് 2023 പൊതുസ്ഥലമാറ്റത്തിൽ മൂന്നാമത്തെ ഓപ്ഷൻ ആയ കോട്ടയം ജനറൽ ആശുപത്രിയിൽ സ്ഥലമാറ്റം നൽകിയിരുന്നു. ഒന്നാമത്തെ ഓപ്ഷൻ ആയ എറണാകുളം ജനറൽ ആശുപത്രിയിൽ ഒഴിവ് ഇല്ലാതിരുന്നതിനാലും ടി സ്ഥാപനത്തിൽ മൂന്ന് വർഷം പൂർത്തിയായവർ ആരും തന്നെ ഇല്ലാതിരുന്നതിനാലുമാണ് ഡോ.നാരായണൻ.ജി.വി.-ക്ക് 2023-ലെ പൊതുസ്ഥലംമാറ്റത്തിൽ ഹോം സ്റ്റേഷനിലേക്ക് സ്ഥലമാറ്റം നൽകാതിരുന്നത്. ടിയാൻ 02/09/2018 മുതൽ കോട്ടയം ജില്ലയിൽ തുടർന്ന് വരുന്നു. സ്വന്തം ജില്ലയിലേക്കുള്ള

സ്ഥലമാറ്റത്തിന് ഒന്നിൽ കൂടുതൽ ജില്ലകളിലെ സർവ്വീസ് ഒരുമിച്ച് കണക്കാക്കാവുന്നതാണ്. കൂടാതെ, ടിയാളുടെ മകന് loco motor disability (60%) ഉണ്ടെന്ന തെളിയിക്കുന്ന മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് സഹിതം അപേക്ഷ സമർപ്പിച്ചിരുന്നു. എറണാകുളം ജില്ലയിലേയ്ക്ക് അപേക്ഷ സമർപ്പിച്ചവരിൽ അനുകമ്പാർഹമായ സാഹചര്യം പരിഗണിച്ചാണ് ഡോ.നാരായണൻ.ജി.വി.-യ്ക്ക് എറണാകുളം ജനറൽ ആശുപത്രിയിലേയ്ക്ക് സ്ഥലമാറ്റം അനുവദിക്കുന്നതിനായി ശിപാർശ സർക്കാരിൽ സമർപ്പിച്ചത്. ഡോ.നാരായണൻ.ജി.വി.യുടെ വിരമിക്കൽ തീയതി **31.05.2030** ആണ്. സ.ഉ.(കൈ) നം.24/2022/ഉഭപവ തീയതി 07.11.2022 പ്രകാരം എറണാകുളം ജനറൽ ആശുപത്രിയിലേയ്ക്ക് സ്ഥലമാറ്റം അനുവദിക്കുന്നതിന് ഏറ്റവും അർഹൻ ഡോ.നാരായണൻ.ജി.വി. ആയിരുന്നു. ആയതിനാൽ എറണാകുളം ജനറൽ ആശുപത്രിയിൽ നിയമനം നൽകണമെന്നുള്ള ഡോ.സജ്ജ.കെ.ജി.-യുടെ അപേക്ഷ നിരസിക്കേണ്ടതാണ്.

4) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ഇ.എൻ.ടി. വിഭാഗം കൺസൾട്ടന്റ് തസ്തികയിലെ മെഡിക്കൽ ഓഫീസർമാരുടെ 2024 പൊതുസ്ഥലംമാറ്റത്തിനായി ആരോഗ്യ വകുപ്പ് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ച ശിപാർശയിൽ തൃശ്ശൂർ ജനറൽ ആശുപത്രിയിലെ ഡോ.സജ്ജ.കെ.ജി.-യെ പാലക്കാട് ജില്ലാ ആശുപത്രിയിലേയ്ക്കാണ് സ്ഥലംമാറ്റത്തിന് ശിപാർശ ചെയ്തിരുന്നത്. ആരോഗ്യ വകുപ്പ് ഡയറക്ടർ പ്രസിദ്ധീകരിച്ച കരട് സ്ഥലംമാറ്റ പട്ടികയിലും അപ്രകാരമാണ് ശിപാർശ ചെയ്തിരുന്നത്. ഇതിനെതിരെ ഡോ.സജ്ജ.കെ.ജി. 20.07.2024 തീയതിയായി ആരോഗ്യ വകുപ്പ് സെക്രട്ടറിക്ക് സമർപ്പിച്ച അപേക്ഷയിൽ ടിയാന് എറണാകുളം ജനറൽ ആശുപത്രിയിൽ സ്ഥലംമാറ്റം അനുവദിക്കണമെന്ന് അപേക്ഷിച്ചിരുന്നു. എന്നാൽ 02/09/2018 മുതൽ കോട്ടയം ജില്ലയിൽ തുടർന്ന് വരുന്ന എറണാകുളം സ്വദേശിയായ ഡോ.നാരായണൻ.ജി.വി.യുടെ മകന് 60% disability ഉള്ളതിനാൽ ഡോ.നാരായണൻ.ജി.വി.-യെ എറണാകുളം ജനറൽ ആശുപത്രിയിൽ പരിഗണിക്കേണ്ടതായി വന്ന സാഹചര്യത്തിൽ ഡോ.സജ്ജ.കെ.ജി.-യെ തൃശ്ശൂർ ജനറൽ ആശുപത്രിയിൽ തന്നെ നിലനിറുത്തുന്നതിന് സർക്കാർ തീരുമാനിക്കുകയായിരുന്നു. സ.ഉ.(കൈ) നം.24/2022/ഉഭപവ തീയതി 07.11.2022 പ്രകാരം ഭിന്നശേഷിക്കാരായ കുട്ടികളുടെ മാതാപിതാക്കൾക്ക് സ്ഥലംമാറ്റത്തിന് മുൻഗണന നൽകണമെന്ന വ്യവസ്ഥയുള്ളതിനാലും, ഡോ.സജ്ജ.കെ.ജി. എസ്.സി. സംരക്ഷണം മുൻപ് നേടിയിട്ടുണ്ട് എന്നുള്ളതിനാലും, പാലക്കാട് ജില്ലാ ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റരുതെന്ന ടിയാളുടെ അപേക്ഷ പരിഗണിച്ചാണ് സർക്കാർ അപേക്ഷകനെ തൃശ്ശൂർ ജനറൽ ആശുപത്രിയിൽ തന്നെ തുടരുവാൻ അനുവദിച്ചിരുന്നത്.

ആയതിനാൽ , എറണാകുളം ജനറൽ ആശുപത്രിയിൽ നിയമനം നൽകണമെന്നുള്ള ഡോ.സജ്ന.കെ.ജി.-യുടെ അപേക്ഷ പരിഗണിക്കാനാവില്ലാത്തതിനാൽ പരാമർശം (1) അപ്പീൽ അപേക്ഷ നിരസിച്ച് ഉത്തരവാകുന്നു.

5) ഡോ.സജ്ന.കെ.ജി. ബഹു:ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA(EKM) 1316/2024-ന്മേലുള്ള പരാമർശം (2) ഉത്തരവ് ഇപ്രകാരം അനുവർത്തനം ചെയ്തുകൊള്ളുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ചിത്ര കെ ദിവാകരൻ
ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം.
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), എറണാകുളം/തൃശ്ശൂർ.
ഡോ.സജ്ന.കെ.ജി., കൺസൾട്ടന്റ് (ENT), ജനറൽ ആശുപത്രി, തൃശ്ശൂർ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by
Anupama G Nair
സെക്ഷൻ ഓഫീസർ
Date: 06-01-2025 10:56:36

മേലെഴുത്ത് കത്ത് നം. ഇബി4 - 23820/24/ആവധ തീയതി 07/01/2025
സർക്കാർ ഉത്തരവിന്റെ പകർപ്പ് അറിവിലേക്കും
തുടർനടപടിയ്ക്കുമായി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു

ആരോഗ്യവകുപ്പ് ഡയറക്ടർക്കുവേണ്ടി.